എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങളിൽ സംവരണ തത്വം

184(895)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന വിവിധ വകുപ്പുകളിൽ നടക്കുന്ന നിയമനങ്ങളിൽ സംവരണ തത്വം പാലിക്കുന്നില്ലെന്ന കാര്യം സർക്കാർ അന്വേഷിക്കുമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന ഈ വർഷം ഏതൊക്കെ വകുപ്പുകളിൽ ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തിയെന്ന് വ്യക്തമാക്കുമോ;

(സി) നിയമനം ലഭിച്ചവരുടെ പേരുവിവരം വകുപ്പ് തിരിച്ച് വിശദീകരിക്കുമോ;

(ഡി) സംവരണതത്വം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ;

(ഇ) സംവരണ തത്വം പാലിക്കുന്നതിന് കർശന നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിൽ സംവരണ തത്വം കർശനമായി പാലിക്കപ്പെടുന്നുണ്ട്. സംവരണ തത്വപ്രകാരം നൽകുന്ന ഉദ്യോഗാർത്ഥികളുടെ ലിസ്റ്റിൽ നിന്നും നിയമനം നടത്തുമ്പോൾ ഉദ്യോഗദായകർ സംവരണക്രമത്തിൽ വീഴ്ച വരുത്തിയാൽ നടപടി സ്വീകരിക്കാറുണ്ട്.

(ബി) ലഭ്യമായ കണക്കനുസരിച്ച് 1999 ജനുവരി മുതൽ മേയ് 99 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന 10296 പേർക്ക് വിവിധ വകുപ്പുകളിൽ/ തസ്തികകളിൽ സ്ഥിരം/താൽക്കാലിക ഒഴിവുകളിൽ നിയമനം ലഭിച്ചിട്ടുണ്ട്.

(സി) ഉടൻ ലഭ്യമല്ല.

(ഡി) സംവരണ തത്വം പാലിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ നിയമപ്രകാരമുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

(ഇ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കപ്പെടുന്ന ഒഴിവുകളിൽ ഉദ്യോഗാർത്ഥികളെ നാമനിർദ്ദേശം ചെയ്യുമ്പോൾ സംവരണതത്വം കർശനമായി പാലിക്കപ്പെടുന്നുണ്ട്.

വ്യവസായസ്ഥാപനങ്ങളിൽ അപ്രന്റീസ് ട്രെയിനിംഗ്

185(896) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1961-ലെ അപ്രന്റീസ് ആക്ട് അനുസരിച്ച് വ്യവസായ സ്ഥാപനങ്ങളിൽ സെക്രട്ടേറിയൽ പ്രാക്ടീസ്, അപ്ഹോൾസ്റ്റർ എന്നീ ട്രേഡുകൾക്ക് അപ്രന്റീസ് ട്രെയിനിംഗ് നിലവിലുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ പ്രസ്തുത ആക്ട് അനുസരിച്ച് വ്യവസായ സ്ഥാപനങ്ങളിൽ അപ്രന്റീസ് ട്രെയിനിംഗ് ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1961 ലെ അപ്രന്റീസ് ആക്ട് അനുസരിച്ച് അപ്ഹോൾസ്റ്റർ ട്രേഡിൽ അപ്രന്റീസ് ട്രെയിനംഗ് നിലവിലുണ്ട്. സെക്രട്ടേറിയൽ പ്രാക്ടീസ് ട്രേഡിന് അപ്രന്റീസ് ട്രെയിനിംഗ് നിലവിലില്ല.

(ബി) അപ്രന്റീസ് ആക്ടിന്റെ പരിധിയിൽ പുതിയ ട്രേഡുകൾ ഉൾപ്പെടുത്തുന്നത് സെൻട്രൽ ലേബർ മിനിസ്ട്രിയുടെ കീഴിൽ വരുന്ന സെൻട്രൽ അപ്രന്റിസ്ഷിപ്പ് കൗൺസിൽ ആണ്.

സ്പോർട്സ് കൗൺസിൽ കാട്ട പ്രകാരം തൊഴിൽ നൽകുന്നതിനുള്ള അംഗീകാരം

186(897)ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കളരിപ്പയറ്റിൽ സംസ്ഥാനതലത്തിൽ വിജയം നേടിയവർക്ക് സ്പോർട്സ് കൗൺസിൽ കാട്ടപ്രകാരം തൊഴിൽ നൽകുന്നതിനുള്ള അംഗീകാരം പിൻവലിക്കുന്നുണ്ടോ;

(ബി) നാഷണൽ ഇന്റർ നാഷണൽ, ഇന്റർ യൂണിവേഴ്സിറ്റി, സൗത്ത് സോൺ എന്നീ വിഭാഗങ്ങളിൽപ്പെടാത്ത ഏതെല്ലാം സ്പോർട്സ് ഡിസിപ്ലിനുകൾക്ക് സ്പോർട്സ് കൗൺസിൽ കാട്ടയിൽ തൊഴിൽ നേടുന്നതിന് അർഹതയുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന കായിക ഇനങ്ങളിൽ നാഷണൽ, ഇന്റർ നാഷണൽ, ഇന്റർ യൂണിവേഴ്സിറ്റി, സൗത്ത്സോൺ എന്നിവയിൽ പങ്കെടുക്കുകയോ നേട്ടങ്ങൾ കൈവരിക്കുകയോ ചെയ്തവരുടെ അഭാവത്തിൽ, സംസ്ഥാനതലത്തിൽ നേട്ടങ്ങൾ കൈവരിച്ചവരെയും നിയമനത്തിനായി പരിഗണിക്കുന്നതാണ്.

സംസ്ഥാനത്തെ ഫ്ളൈയിംഗ് ക്ലബ്ബുകൾ വാങ്ങിയ വിമാനങ്ങൾ

187 (898)ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ. അബ്ദു റബ്ബ് :

ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്ളൈയിംഗ് ക്ലബുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി സർക്കാർ എത്ര വിമാനങ്ങൾ വാങ്ങിയെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly